# ലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് സ്പെഷ്യൽ ദേവസ്വം കമ്മീഷണറുടെ ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പരസ്യപ്പെടുത്തുന്നത്.

ചോറ്റാനിക്കര ക്ഷേത്രത്തിൽ 1198 മണ്ഡലം മകരവിളക്ക് സീസൺ 17/11/22 മുതൽ 15/1/23 (1198 മകരം 1) കൂടിയ കാലത്തേക്ക് ദേവസ്വം പുറമ്പോക്ക്സ്ഥലങ്ങളിൽ ചില്ലറകച്ചവടം നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തും, ടെണ്ടർ സമർപ്പിച്ചും എാൽപിച്ചുകൊടുക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

**ലേലതിയ്യതി, സമയം, സ്ഥലം**

...1/11/22...... രാവിലെ ...11... മണിയ്ക്ക് ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ വെച്ചു നടത്തുന്നതാണ്.

**സ്ഥലവിവരം**

1. ക്ഷേത്രത്തിന്റെ തെക്കുഭാഗത്തുള്ള യക്ഷിക്കുളത്തിലേക്ക് പോകുന്ന വഴി വടക്ക് എക്കണോമിക് കെട്ടിടത്തിന്റെ പടിഞ്ഞാറെ അറ്റത്തു തെക്കുവടക്കായി 3 പ്ലോട്ടുകൾ 10 അടി ചുറ്റളവുള്ളത്.

2. ക്ഷേത്രത്തിന്റെ വടക്കുഭാഗത്ത് കിഴക്കുപടിഞ്ഞാറായി കിടക്കുന്ന റോഡ് വിട്ട് പൂരപ്പറമ്പിന്റെ പടിഞ്ഞാറതിര് തെക്കുനിന്നും വടക്കോട്ട് 10 അടി ചുറ്റളവിൽ 2 മുതൽ 24 കൂടി 23 പ്ലോട്ടുകൾ

ടെണ്ടർ സമർപ്പിക്കേണ്ട രീതി.

മേൽപ്പറഞ്ഞ പ്ലോട്ടുകൾ ആവശ്യമുള്ളവർ ഓരോ പ്ലോട്ടും എറ്റവും കൂടുതൽ സംഖ്യയ്ക്ക് എടുക്കുവാൻ തയ്യാറുള്ള സംഖ്യയും പ്ലോട്ട്നമ്പറും, പൂർണ്ണമേൽവിലാസം പ്രത്യേകം രേഖപ്പെടുത്തി ടെണ്ടർ കവർ ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ പേർക്ക് 1/11/22 രാവിലെ 10.30 മണി വരെയുള്ള സമയത്ത് ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിലുള്ള ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതും, ടെണ്ടറിനോടൊപ്പം ഓരോ സ്റ്റാളിനും 5000/- ക യുടെ ഡി.ഡി/ നിക്ഷേപരശീതി (ചോറ്റാനിക്കര വിജയാബാങ്കിൽ മാറാവുന്നത്) ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ പേരിൽ എടുത്ത് അടക്കം ചെയ്യേണ്ടതുമാണ്. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടർ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.. ടെണ്ടർ സമർപ്പിക്കുന്ന കവർ ഒട്ടിച്ചിരിക്കേണ്ടതും കവറിനു പുറത്ത് പ്ലോട്ട് നമ്പർ രേഖപ്പെടുത്തുകയും വേണം.

ടെണ്ടർ സമർപ്പിച്ചവരും, ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവരും സ്ഥലത്തും സമയത്തും ഹാജരായിരിക്കേണ്ടതും, ലേലത്തിൽ പങ്കെടുക്കുന്നവർ ആൾ 1ക്ക് 5000/- രൂപ വീതം അഡ്വാൻസ് കെട്ടിവയ്ക്കേണ്ടതുമാണ്. അഡ്വാൻസ് കെട്ടിവയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുവാൻ അനുവദിക്കുന്നതല്ലാ-ത്തതുമാകുന്നു.

ഓരോ പ്ലോട്ടുകളും എറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിൽ 3 വാക്ക് വിളിച്ചുനിറുത്തി തത്സമയം തന്നെ ബന്ധപ്പെട്ട പ്ലോട്ടിന് സമർപ്പിച്ചിട്ടുള്ള ടെണ്ടറുകൾ തുറക്കുന്നതും ലേലതുകയോ, ടെണ്ടർ തുകയോ എതാണ് കൂടുതൽ സംഖ്യയെന്ന് നോക്കി കൂടുതൽ തുകയ്ക്ക് ഉറപ്പിക്കുന്നതാകുന്നു. മേൽപ്രകാരം ഉറപ്പിക്കുന്നതനുസരിച്ച് ബന്ധപ്പെട്ട ആൾ സംഖ്യ മുഴുവനും ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

ലേലം കൊള്ളുന്ന ആളുകൾ ഓരോരുത്തരും തങ്ങൾക്കായി അനുവദിച്ചിട്ടുള്ള പ്ലോട്ടുകൾ കൃത്യമായി ഉപയോഗിക്കേണ്ടതും പരസ്പരവഴക്കിനിടവരാതെ ശ്രദ്ധിക്കേണ്ടതുമാണ്. ലേലസ്ഥലത്ത് ക്ഷേത്രാചാരമര്യാദകൾക്ക് വിരുദ്ധമായ യാതൊരുവിധ സാധനങ്ങൾ സൂക്ഷിക്കുകയോ കച്ചവടം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല. ദർശനത്തിനുവരുന്ന ഭക്തജനങ്ങൾക്ക് യാതൊരുവിധത്തിലുള്ള ആക്ഷേപങ്ങൾക്കും ഇടവരുത്താതെ കച്ചവടം നടത്തേണ്ടതുമാകുന്നു.

മേൽപ്പറഞ്ഞ വസ്തുതകൾക്ക് വിരുദ്ധമായി ലേലക്കാരൻ എന്തെങ്കിലും പ്രവർത്തിച്ചു ദേവസ്വത്തിന് എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ വരുത്തിയാൽ ടിയാന്റെ ലേലസംഖ്യ പിഴയായി പിടിച്ച് ടിയാനെ ടി സ്ഥലത്തുനിന്ന് ഒഴിവാക്കുന്നതാണ്.

ഓരോ സ്ഥലത്തേയും പ്ലോട്ടുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ സ്ഥലത്തുപോയി പരിശോധിച്ചും ദേവസ്വം ഓഫീസിൽ അന്വേഷിച്ചും സ്വയം ബോധ്യപ്പെടേണ്ടതാണ്.

ലേലം കൊണ്ടിട്ടുള്ള ആളുകൾ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലേയും, ഹെൽത്ത് ഡിപ്പാർട്ട്മെന്റിലേയും നിയമപരിധിയിൽ വരുന്നതായ ചട്ടങ്ങളനുസരിച്ച് കച്ചവടം നടത്തേണ്ടതുമാകുന്നു.

ഹോട്ടൽ, ചായക്കടകൾക്കായി ലേലം എടുക്കുന്ന കടക്കാർ പൂർണ്ണമായും പൊതുജനാരോഗ്യനിയമാനുസൃതം മാത്രമേ നടത്തുവാൻ പാടുള്ളൂ. ആയതിലേക്ക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും സർട്ടിഫിക്കറ്റ്, പഞ്ചായത്ത് ലൈസൻസ് എന്നിവ സ്വന്തം ചിലവിൽ എടുക്കേണ്ടതാകുന്നു.

കാസറ്റ്, സി.ഡി. മുതലായവ വില്ക്കുന്നതിനായി പ്ലോട്ടുകൾ ലേലത്തിൽ വിളിക്കുന്നവർ ശബ്ദം വളരെ കുറച്ച് വയ്ക്കേണ്ടതും അല്ലാത്തപക്ഷം ശബ്ദമലിനീകരണനിയന്ത്രണവ്യവസ്ഥകൾക്കനുസൃതമായി നടപടികൾ എടുക്കേണ്ട ഉദ്യോഗസ്ഥരിൽ നിന്നും നടപടികൾ വേണ്ടിവരുന്നതുമാണ്.

ഈ ലേലത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയണമെന്നുള്ളവർ ചോറ്റാനിക്കര ദേവസ്വം ഓഫീസിൽ ഓഫീസ് സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാകുന്നു.

ഈ ലേലം വേണ്ടെന്ന് വെയ്ക്കുന്നതിനും മറ്റൊരു തിയ്യതിക്ക് മാറ്റിവെക്കുന്നതിനും യുക്തമെന്ന് തോന്നുന്ന മറ്റു നടപടികൾ സ്വീകരിക്കുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം ഏറ്റെടുക്കുന്നവർ നിയമാനുസൃതമായ എല്ലാ നികുതികളും അടയ്ക്കേണ്ടതാണ്.

സ്പെഷ്യൽ ദേവസ്വം കമ്മീഷണർ